**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - M/S സീക്ലിഫ് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലുള്ള വർക്കല വില്ലേജിലെ മുൻ സർവ്വെ നമ്പർ 701 ൽ ഉൾപ്പെട്ടതും റീസർവ്വെയിൽ ഉൾപ്പെടാതെ പോയതുമായ വസ്തു M/S സീക്ലിഫ് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ചേർത്ത് റീസർവ്വെ റിക്കാർഡുകൾ പുതുക്കുന്നതിന് അനുമതി നൽകിയും സർവ്വെ അതിരടയാള ചട്ടം, 1964 സെക്ഷൻ 59 പ്രകാരം അതിർത്തിയിൽ മാറ്റം വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**1120/2024/RD** തീയതി, തിരുവനന്തപുരം, **12-04-2024**

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16.08.2022 ലെ B19-421814/2022 നമ്പർ നടപടിക്രമം
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16.10.2023 ലെ B19-421814/2022(1) നമ്പർ നടപടിക്രമം
3. സർവ്വെ ഡയറക്ടറുടെ 02.03.2024, 02/04/2024 എന്നീ തീയതികളിലെ DSLR/3539/2023-J5 നമ്പർ കത്തുകൾ.

**ഉത്തരവ്**

M/S സീക്ലിഫ് റിസോട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലുള്ള വർക്കല താലൂക്ക് വർക്കല വില്ലേജ് മുൻ സർവ്വേ നമ്പർ 701 ൽ ഉണ്ടായിരുന്ന ഒരു ഏക്കറും 13 സെന്റ് സ്ഥലം റീസർവ്വെക്ക് ശേഷം 82 സെന്റ് (33.21 ആർ) ആയി കുറഞ്ഞെന്നും ആയത് പരിഹരിച്ച് തരണമെന്നും ആവശ്യപ്പെട്ട് ജില്ലാ കലക്ടർ മുമ്പാകെ ശ്രീ. പി.സി. സിറിയക് സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കലക്ടർ, ഭൂരേഖ തഹസിൽദാർ മുഖാന്തിരം അന്വേക്ഷണം നടത്തിയതിൽ വർക്കല താലൂക്ക് വർക്കല വില്ലേജ് ബ്ലോക്ക് നമ്പർ 156ൽ റീസർവ്വേ നമ്പർ 0 1 ൽ പൂർണ്ണമായും ഉൾപ്പെട്ടുവരുന്നതുമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 33.21 ആർ (82 സെന്റ്) മാത്രമാണെന്നും, അപേക്ഷകൻ കൈവശം ഉണ്ടെന്ന് അവകാശപ്പെടുന്ന ബാക്കി സ്ഥലം Sea erosion വന്ന് ഇടിഞ്ഞ് വേർപെട്ട് കീഴക്കാംതുക്കായി കടലിലേയ്ക്ക് ചേരുന്ന രീതിയിൽ കാണപ്പെടുന്നതായും നിരന്തരം കടലാക്രമണത്തിന് വിധേയമയിട്ടുള്ളതും ആയതിനാൽ തന്നെ ടി സ്ഥലം റീസർവ്വെ റിക്കാഡുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണെന്നും സ്ഥലം അറേബ്യൻ കടലിന്റെ ഭാഗമായി സർവ്വെ റെക്കോർഡുകൾ തയ്യാറാക്കിയിട്ടുണ്ട് എന്നും ടി സ്ഥലത്തിന്റെ തെക്കേ അതിരും കിഴക്കേ അതിരും ജില്ലാ സർവ്വേ സൂപ്രണ്ട് ആഫീസിൽ നിന്ന് അളന്ന് തിട്ടപ്പെത്തിയിട്ടുള്ളതിനാലും ടി സ്ഥലം പുന:സർവ്വേ ചെയ്യേണ്ട ആവശ്യം ഇല്ലെന്ന് ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ പരാമർശം (1) ലെ നടപടിക്രമം പ്രകാരം ശ്രീ. പി. സി. സിറിയക്കിന്റെ അപേക്ഷ നിരസിച്ച് ഉത്തരവ് ആയിരുന്നു.

2. ടി നടപടിക്രമത്തിനെതിരെ ശ്രീ. പി. സി. സിറിയക്ക് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് വീണ്ടും അപേക്ഷ സമർപ്പിരുന്നു. ടി അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന LR ഡെപ്യൂട്ടി കളക്ടറുടെ 27-06-2017 ലെ പുന:പരിശോധനാ റിപ്പോർട്ട് പരിശോധിച്ചതിൽ റീസർവ്വേ റിക്കാർഡുകൾ

തയ്യാറാക്കുന്ന സമയത്ത് കക്ഷിയുടെ അവകാശ രേഖകളും മുൻ സർവ്വെ സ്കെച്ച് അടക്കമുള്ള രേഖകളും പരിശോധിക്കാതെ കുന്നിന്റെ മുകൾ ഭാഗത്ത് നിരപ്പായി കിടന്ന ഭാഗം മാത്രം റീസർവ്വേയിൽ ഉൾപ്പെടുത്തി മണ്ണിടിഞ്ഞ് കടൽതീരത്തോട് ചരിഞ്ഞ് കിടക്കുന്ന പ്രദേശം സർവ്വേ ചെയ്യുന്നതിന് കാണിച്ച വൈമുഖ്യം ആണ് ടി പരാതിക്ക് കാരണം എന്ന് കണ്ടതിനാൽ സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ച് പുതിയ സർവ്വെ രീതികൾ പ്രകാരം സർവ്വെ നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

3. ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ റിപ്പോർട്ട് പ്രകാരം 1 ഏക്കർ 13 സെന്റ് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും, റീസർവ്വെ റിക്കാർഡ് പ്രകാരം ബ്ലോക്ക് 156 റീസർവ്വേ നമ്പർ 01 ൽ 33.21 ആർ (82 സെന്റ്) സ്ഥലത്തിന് അവകാശം ഉള്ളതായി കാണുന്നു എന്നും, 04.94 ആർ സ്ഥലം കടൽ പുറമ്പോക്ക് ആയി ഇപ്പോഴും കാണപ്പെടുന്നതായും എന്നാൽ 07.69 ആർ സ്ഥലം കടലിലേയ്ക്ക് ഇടിഞ്ഞ് വ്യക്തമായ കൈവശ അതിർത്തി ഇല്ലാതെ കാണുന്നതായും ടി സ്ഥലം അപേക്ഷകന് അവകാശപ്പെട്ടതാണെന്നും ആയത് അപേക്ഷകന്റെ പേരിൽ റീസർവ്വെയിൽ ഉൾപ്പെടുത്തുന്നതിന് നിലവിലെ വില്ലേജ് അതിർത്തിയിൽ മാറ്റം വരുത്തേണ്ടതാണെന്നുമുള്ള ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപ്പീൽ നിരസിച്ചുകൊണ്ടുള്ള പരാമർശം (1) ലെ നടപടിക്രമം റദ്ദ് ചെയ്ത് കൊണ്ട് പരാമർശം (2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വർക്കല വില്ലേജിന്റെ അതിർത്തിയിലും സംസ്ഥാന അതിർത്തിയിലും മാറ്റി വരുത്തുന്നതിനായി ടി സ്ഥലത്തിന്റെ ബൗണ്ടറി ഡീവിയേഷൻ പ്രൊപ്പോസൽ ഉൾപ്പെടെ സർക്കാരിൽ സമർപ്പിച്ചിരുന്നു.

4. പ്രസ്തുത സ്ഥലം കഡാസ്ട്രൽ സർവ്വേയ്ക്ക് ഉള്ളിൽ വരുന്ന സ്ഥലമാണെന്ന് ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ടി സ്ഥലം സർവ്വേയിൽ ഉൾപ്പെടാതെ വന്നത് റീസർവ്വെ നടപടികളിൽ ഉണ്ടായ അപാകതയായതിനാലും കേരള സർവ്വെ അതിരടയാള ചട്ടം 59 പ്രകാരം അന്തർ സംസ്ഥാന അതിർത്തിയോ, ജില്ലകൾ തമ്മിലുള്ള അതിർത്തിയോ അല്ലെങ്കിൽ കൂടി സംസ്ഥാനത്തിന്റെ പൊതുഅതിർത്തിയായി വരുന്നതിനാൽ ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ തുടർ നടപടികൾക്കായി സർവ്വെ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. M/S സീക്ലിഫ് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലുള്ള, കഡസ്ട്രൽ സർവ്വെയ്ക്ക് ഉള്ളിൽ വരുന്നതുമായ വർക്കല താലൂക്ക് വർക്കല വില്ലേജ് ബ്ലോക്ക് 156, റീസർവ്വെ 1 ൽ ഉൾപ്പെടാതെ വന്നതും എന്നാൽ തുടർന്നുള്ള പരിശോധനയിൽ അർഹതയുണ്ടെന്ന് ജില്ലാ കളക്ടറും സർവ്വെ ഡയറക്ടറും റിപ്പോർട്ട് ചെയ്ത 7.69 ആർ സ്ഥലം കൂടി M/S സീക്ലിഫ് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ചേർക്കുന്നതിനും സർവ്വെ റിക്കാർഡുകൾ അതിനനുസൃതമായി മാറ്റം വരുത്തുന്നതിനും അത്തരത്തിൽ അതിർത്തിയിൽ മാറ്റം വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം

സ.ഉ.(സാധാ) നം.1120/2024/RD

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.(ഇ3/203/2024-റവ)

ഉത്തരവിൻ പ്രകാരം
Signed by
Joshy.k.l
Date: 15-04-2024 10:11:55
സെക്ഷൻ ഓഫീസർ